## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3068 — 20.12.2012-ലെ മറുപടിക്ക്

മായം ചേർക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മായം കലർന്നതും ഗുണനിലവാരം ഇല്ലാത്തതുമായ ഭക്ഷണ സാധനങ്ങളും നിത്യോപയോഗ സാധനങ്ങളും വ്യാപകമായി വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) മായം ചേർക്കുന്നതു കണ്ടെത്തുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | [illegible] 1954 -ന് പകരമായി രാജ്യമൊട്ടാകെ 2011 ആഗസ്റ്റ് 5 മുതൽ നിലവിൽ വന്ന ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമമാണ് ഇപ്പോൾ മായം ചേർക്കൽ കണ്ടുപിടിക്കുന്നതിനായി നിലവിലുള്ളത്. ഈ നിയമപ്രകാരം സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ 14 ജില്ലാ ഫുഡ് സേഫ്റ്റി ഡെസിഗ്നേറ്റഡ് ഓഫീസർമാരും അവർക്കു കീഴിൽ സർക്കിൾ /കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 3 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നേതൃത്വത്തിൽ മൊബൈൽ വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചു വരുന്നു. ഫുഡ് സേഫ്റ്റി ഓഫീസർമാർ എടുക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനു വേണ്ടി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും ഫുഡ് അനലിസ്റ്റ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട് |

(ബി) ഹോട്ടലുകളിലും മറ്റും ലഭിക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനില വാരം നിരന്തരം ഉറപ്പുവരുത്തുന്നതിന് പുതിയ സംവിധാനങ്ങൾ ആവിഷ്ക രിച്ച് നടപ്പിലാക്കുമോ?

(ബി) ഭക്ഷ്യ സുരക്ഷാ ഗുണ നിലവാര നിയമപ്രകാരം സംസ്ഥാനത്തെ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ സ്പെഷ്യൽ സ്ക്വാഡുകൾ ആവർത്തിച്ചുള്ള പരി ശോധനകൾ നടത്തുകയും നിയമ പ്രകാരമുള്ള പിഴ ഈടാക്കുകയും (കോമ്പൗണ്ടിംഗ്) ചെയ്തു വരുന്നു. ശുചിത്വ പരിപാലനത്തിൽ ഏറെ മോശമായി കാണപ്പെട്ട ഹോട്ടലുകൾ നിശ്ചിത സമയത്തിനുള്ളിൽ വൃത്തി യാക്കുന്നതിന് നോട്ടീസ് നൽകുകയും ആയത് ചെയ്തതായി ബോധ്യപ്പെട്ടാൽ മാത്രം തുടർന്ന് നടത്തുന്നതിന് അനുമതി നൽകുകയും ചെയത്തു വരുന്നു. ഈ വിഷയത്തിൽ ഫുഡ് സേഫ്റ്റി കമ്മീഷണർ എല്ലാ ഹോട്ടലുകാരും പാലിക്കുന്നതിനു വേണ്ടി 30 ഇന ശുചിത്വ മാനദണ്ഡവും പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനകൾ നിരന്തരം തുടരുന്നതും പൊതു ജനങ്ങൾക്ക് ഹോട്ടൽ ഭക്ഷണം സംബന്ധിച്ച പരാതികൾ ബോധിപ്പിക്കു ന്നതിനായി ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിൽ ഒരു ടോൾ ഫ്രീ നമ്പരും പ്രവർത്തന സജ്ജമാക്കി യിട്ടുണ്ട്. നമ്പർ 1800 425 1125.

സെക്ഷൻ ഓഫീസർ